# കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ആഫീസ് കണ്ണൂർ

ചുരുക്കപട്ടിക നമ്പർ 5 /07/ഡി.ഒ.സി (എൽ.ഡി.വി)വി — കണ്ണൂർ
കാറ്റഗറി നമ്പർ. 137/2005 — 20/3/2007

## *വിജ്ഞാപനം*

31–12–2005 ഗസറ്റ് വിജ്ഞാപനപ്രകാരം കണ്ണൂർ ജില്ലയിൽ **വിവിധ വകുപ്പുകളിൽ** 3050-5230 രൂപ (പി.ആർ) ശമ്പള നിരക്കിൽ **ഡ്രൈവർ ഗ്രേഡ്–2** (എൽ.ഡി.വി) തസ്തികയിലേയ്ക്കുള്ള (പട്ടികജാതി/ പട്ടിക വർഗ്ഗക്കാരിൽ നിന്നു മാത്രം) (കാറ്റഗറി നമ്പർ 137 / 2005) തെരഞ്ഞെടുപ്പിനായി 15-7-2006 ന് നടത്തിയ ഉദ്ദേശ്യാധിഷ്ഠിത പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രായോഗിക പരീക്ഷയ്ക്ക് വിളിക്കപ്പെടാൻ സോപാധികമായി അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ചുവടെ ചേർത്തിരിക്കുന്നു. ഈ ചുരുക്ക പട്ടിക മുഖ്യപട്ടികയും ഉപപട്ടികയും ആയി തരം തിരിക്കാതെ ഏകീകൃത ചുരുക്കപ്പട്ടിക ആയാണ് തയ്യാറാക്കിയിരിക്കുന്നത്.

ഈ രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല..

രജിസ്റ്റർ നമ്പറുകൾക്ക് മുന്നിലായി കണ്ണൂർ ജില്ലയെ സൂചിപ്പിക്കുന്ന 'സി' ( C ) എന്ന അക്ഷരം ചേർത്ത് വായിക്കേണ്ടതാണ്.

## *മുഖ്യപട്ടിക*

| | | | | | |
|---|---|---|---|---|---|
| 10006 | 10015 | 10023 | 10038 | 10069 | 10094 |
| 10173 | 10175 | 10176 | 10187 | 10223 | 10238 |
| 10312 | 10315 | 10346 | 10382 | 10427 | 10430 |
| 10431 | 10438 | 10446 | 10449 | 10478 | 10479 |
| 10538 | 10550 | 10568 | 10571 | 10581 | 10593 |
| 10601 | 10603 | 10610 | 10626 | 10635 | 10654 |
| 10657 | 10659 | 10686 | 10688 | 10711 | 10724 |
| 10755 | 10821 | 10826 | 10846 | 10855 | 10866 |
| 10891 | 10901 | 10912 | 10926 | 10969 | 10970 |
| 10996 | 11012 | 11020 | 11030 | 11032 | 11035 |
| 11037 | 11071 | 11074 | 11081 | 11088 | 11109 |
| 11129 | 11130 | 11193 | 11208 | 11231 | 11250 |
| 11262 | 11270 | 11274 | 11299 | 11324 | 11335 |
| 11340 | 11367 | 11382 | 11392 | 11464 | 11478 |

*കുറിപ്പ്-1:* അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി, തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് പ്രായോഗികപരീക്ഷയ്ക്ക് വിളിക്കപ്പെടുന്ന തിനോ അതിനു ശേഷം റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിനോ യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

*കുറിപ്പ്-2:* അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളും പിന്നീട് ഹാജരാക്കിയ പ്രമാണങ്ങളുടെ പകർപ്പുകളും അടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷാതീയ്യതിക്കു ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല

*കുറിപ്പ്-3:* ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥി കൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരുന്ന കാര്യങ്ങൾ- അതായത് യോഗ്യത, ജനനത്തീയ്യതി, ജാതി എന്നി വയും മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സൽ പ്രായോഗിക പരീക്ഷയ്ക്ക് മുന്നോടിയായുള്ള സർട്ടിഫിക്കറ്റുക ളുടെ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്. ആവശ്യ മായ പ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കാത്ത ഉദ്യോഗാർത്ഥിക ളുടെയും അപേക്ഷയിൽ മറ്റ് ഏന്തെങ്കിലും ന്യൂനതകൾ ഉള്ള തായി കണ്ടെത്തുന്ന ഉദ്യോഗാർത്ഥികളുടേയും രജിസ്റ്റർ നമ്പരു കൾ ഇനിയൊരറിയിപ്പ് കൂടാതെ തന്നെ ഈ ചുരുക്ക പ്പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

പ്രായോഗിക പരീക്ഷയ്ക്കുള്ള തീയ്യതി. സമയം, സ്ഥലം എന്നിവ പിന്നാലെ അറിയിക്കുന്നതാണ്.

പരീക്ഷയിൽ 69 (അറുപത്തി ഒൻപത്) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ ഏകീകൃത ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടു ള്ളത്. ഈ അടിസ്ഥാനമാർക്കിൽ ആവശ്യമായ ഇളവ് വരുത്തി സംവരണ ചട്ട പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളെക്കൂടി ഈ ഏകീകൃത ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ ജില്ലക്കാരായ ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാരിൽ നിന്നും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പ്രായോഗിക പരീക്ഷാവേളയിൽ ഹാജരാക്കുന്ന പക്ഷം അവർക്ക് 5 (അഞ്ച്) മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കാൻ അർഹത ഉണ്ടായിരിക്കും.

പ്രായോഗിക പരീക്ഷയ്ക്ക് വിളിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ ശാരീരിക യോഗ്യതകളുടെ പൂർണ്ണ വിവരങ്ങൾ അടങ്ങിയ നിശ്ചിത മാതൃകയിലുള്ള അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് സർക്കാർ സർവ്വീസിൽ അസിസ്റ്റന്റ് സർജ്ജന്റെ റാങ്കിൽ കുറയാതെയുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ നിശ്ചിത മാതൃകയിലുള്ള ഫാറം പ്രായോഗിക പരീക്ഷയ്ക്കുള്ള മെമ്മോയോടൊപ്പം അയച്ചു തരുന്നതാണ്. ഈ തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവരുൾപ്പെടെ എല്ലാ ഉദ്യോഗാർത്ഥികൾക്കും ഉത്തരക്കടലാസ്സുകൾ പുനപ്പരിശോധിക്കുവാൻ അപേക്ഷിക്കാം.

നിലവിലുള്ള നടപടിക്രമമനുസരിച്ച് ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയം അനുവദനീയമല്ല. എന്നാൽ നിശ്ചിത ഫീസായ 50 രൂപ (അമ്പത് രൂപമാത്രം) 0051 പി.എസ്.സി. – 105 സ്റ്റേറ്റ് പി.എസ്.സി. – 99 എക്സാമിനേഷൻ ഫീ എന്ന അക്കൗണ്ട് ഹെഡ്ഡിൽ സംസ്ഥാനത്തെ ഏതെങ്കിലും ഒരു ട്രഷറിയിൽ ഒടുക്കി അപേക്ഷിക്കുന്നപക്ഷം ഉത്തരക്കടലാസിന്റെ പുന;പരിശോധന നടത്തുന്നതാണ്. റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം ഒരു മാസത്തിനകം പുന;പരിശോധനയ്ക്കായുള്ള അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. കമ്മീഷന്റെ വിവിധ ഓഫീസുകളിലെ എൻക്വയറി വിഭാഗത്തിൽനിന്നും സൗജന്യമായി ലഭിക്കുന്നതോ, കമമീഷന്റെ വെബ്സൈറ്റായ www.keralapsc.org ൽ നിന്നും ഡൗൺലോഡ് ചെയ്ത് എ4 സൈസ് പേപ്പറിൽ പ്രിന്റ് എടുത്തതോ, ഇവയിൽ നിന്നും ഫോട്ടോകോപ്പി ചെയ്തതോ ആയ നിശ്ചിത ഫോറത്തിൽ തന്നെ പുന;പരിശോധനയ്ക്കുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. പുന;പരിശോധനയ്ക്കായുള്ള അപേക്ഷയോടൊപ്പം നിശ്ചിതഫീസ് ഒടുക്കിയതിനുള്ള അസ്സൽ ചെലാൻ രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ്.

ഉത്തരക്കടലാസ് അസാധുവാക്കപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും ലഭിക്കുന്ന പുന;പരിശോധനയ്ക്കായുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

പുന;പരിശോധനക്കായുള്ള അപേക്ഷകൾ ജില്ലാ ഓഫീസർ, കേരളാ പബ്ളിക് സർവീസ് കമ്മീഷൻ ജില്ലാ ഓഫീസ്, കണ്ണൂർ–2 എന്ന വിലാസത്തിൽ അയക്കേണ്ടതും റാങ്ക് പട്ടിക കേരളാ പബ്ളിക് സർവീസ് കമ്മീഷൻ ഔദ്യോഗികമായി പ്രസിദ്ധീകരിച്ച തീയതിമുതൽ 30 ദിവസത്തിനകം ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതുമാണ്. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്നതോ നിശ്ചിത ഫോറത്തിലല്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല. പുന;പ്പരിശോധനയ്ക്കായി ഒടുക്കിയ ഫീസ് തിരികെ നൽകുന്നതല്ല.

നിശ്ചിത സമയപരിധിക്കുള്ളിൽ നിശ്ചിത ഫോറത്തിൽ മുകളിൽ സൂചിപ്പിച്ചപ്രകാരം അസ്സൽ ചലാൻ രസീത് സഹിതം പുന;പരിശോധനക്കായി അപേക്ഷകൾ അയക്കുന്ന ഉദ്യോഗാർഥികളെ സംബന്ധിച്ച് അവർക്ക് ലഭിച്ച മാർക്ക് പുന;പരിശോധിക്കുകയും ആയതിന്റെ ഫലം ഈ ആഫീസിൽ നിന്നും അവരെ അറിയിക്കുന്നതുമാണ്.

**(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)**

***ഭാർഗവൻ തളാപ്പ് വീട്ടിൽ***
***ജില്ലാ ആഫീസർ,***
***കെ.പി.എസ്.സി. ജില്ലാ ആഫീസ്***
***കണ്ണൂർ***